**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2026 **05.05.2017-**ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗങ്ങൾക്കുള്ള സമഗ്ര ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നഗര ഗ്രാമ പ്രദേശങ്ങളിലെ മുഴുവൻ പട്ടിക ജാതി കുടുംബങ്ങൾക്കും വീട് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് 3,00,000/- രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മാത്രം പദ്ധതി നടപ്പാക്കുന്നത് രാഷ്ട്രീയ സാമ്പത്തിക വിവേചനങ്ങൾക്കിടയാക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | അർഹതപ്പെട്ട എല്ലാവരുടെയും ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലും പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി ലഭിച്ചവർക്കും നേരിട്ട് അപേക്ഷ സമർപ്പിക്കുന്ന പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗക്കാർക്കും അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ച് വരുന്നു. ഭവന രഹിതരായവരുടെ ലിസ്റ്റ് ജില്ലാ തലത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിക്കുള്ള സാമ്പത്തിക വിഹിതം എത്ര; ലോൺ വിഹിതം എത്ര; ഓരോകുടുംബത്തിനും സ്ഥലം വാങ്ങാൻ എത്ര രൂപ നൽകുന്നുണ്ട്; വീട് വെക്കാൻ എത്ര രൂപ നൽകുന്നുണ്ട്; | (ഡി) | ഭവന നിർമ്മാണ ധനസഹായ പദ്ധതിയ്ക്ക് 2017-18 വർഷം 500 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങുന്നതിന് 180 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന ലോൺ അനുവദിക്കുന്നില്ല. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമ പ്രദേശത്ത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റിന് 6,00,000/- രൂപയും അനുവദിച്ച നൽകുന്നു. വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ പദ്ധതി പ്രകാരം 3,00,000/- രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. |
| (ഇ) | എത്ര കുടുംബങ്ങളെ ഈ വർഷം ഗുണഭോക്താക്കൾ ആക്കാൻ ഉദ്ദേശിക്കുന്നു; വരുന്ന 4 വർഷം കൊണ്ട് എത്രപേർക്ക് സഹായം നൽകും; എത്രവർഷം കൊണ്ട് മുഴുവൻ പട്ടികജാതി കുടുംബങ്ങളും വീടിനു അർഹത നേടും എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ? | (ഇ) | 2017-18 വർഷം വകുപ്പ്തല പദ്ധതിയിൽ 6000 പേർക്ക് വീട് അനുവദിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നു. ഓരോ വർഷവും, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരമാവധി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച നൽകുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണ്. ഇപ്പോൾ ഭവനരഹിതരും കൈവശഭൂമിയുള്ളവരുമായ എല്ലാ കുടുംബങ്ങൾക്കും 2018-19 ഓടെ വീട് അനുവദിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ